**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യശേഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക തൊഴിൽ സാഹചര്യങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യശേഷി വികസനത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിന് വ്യവസായ സംബന്ധിയായ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഉന്നതവി ദ്യാ ഭ്യാ സത്തോ ടൊ പ്പം നൈപുണ്യ ശേഷി വികസനത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി അസാപ് കേരള വഴി നൈപുണ്യ കോഴ്സുകളിൽ പരിശീലനം നടത്തിവരുന്നു . വിദ്യാർത്ഥികളുടെ പഠനമേഖലയുമായി ബന്ധപ്പെട്ട്കഴിവുകളുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന ശിൽപശാലകൾ കോളേജുകളിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. സർക്കാർ കോളേജുകളിൽ ഇത്തരത്തിലുള്ള ശില്പശാലകൾ നടത്തുന്നതിന് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ വകുപ്പ് നൽകി വരുന്നു .<br><br>കാലിക്കറ്റ് സർവകലാശാലയിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിന് സഹായകമായ ബി വോക് പോലുള്ള തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നടത്തി വരുന്നുണ്ട്. കൂടാതെ ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ. പ്രോഗ്രാം - ഡാറ്റ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാം , കൊമേർഷ്യൽ ടിഷ്യൂ കൾചർ ഓഫ് അഗ്രി ഹോർട്ടി കൾചറൽ ക്രോപ്സ് പ്രോഗ്രാം എന്നീ പ്രോജക്ട് മോഡ് കോഴ്സുകൾ കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. കേരളസർവ്വകലാശാലയിൽ നൈപുണ്യ വികസന കോഴ്സുകൾ 4 വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ഇൻഡസ്ട്രി വിസിറ്റ്, ഇൻറേൺഷിപ്പ് തുടങ്ങിയവ നിർബന്ധമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മഹാത്മാഗാന്ധി സർവകലാശാലയിൽ Directorate of Applied Short Term Programmes (DASP)ൽ നിലവിൽ 55 കോഴ്സുകൾക്ക് അക്കാദമിക് കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുണ്ട്. ഇവ കൂടാതെ വിദേശഭാഷ കോഴ്സുകളും , Certificate Programme in AdvancedRobotic Design, Certificate Programme in Electric Vehicle Design തുടങ്ങി നൂതനവും തൊഴിൽ സാധ്യതയുമേറിയ കോഴ്സുകളും തുടങ്ങാൻ തത്വത്തിൽ ധാരണ ആയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഈ അധ്യയന വർഷം മുതൽ ആരംഭിച്ച നാലുവർഷ ബിരുദ പ്രോഗ്രാമിൽ സ്കിൽ കോഴ്സുകൾ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | തൊഴിൽ മേഖലയിൽ മികച്ച അവസരങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് ബന്ധപ്പെട്ട സ്കിൽ ട്രെയിനിങ് കോളേജുകൾ നാല് വർഷ ഡിഗ്രി പ്രോഗ്രാമിൻറെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിനായി സർക്കാർ നിലവിൽ കാലിക്കറ്റ് സർവകലാശാലക്ക് കീഴിലുള്ള നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻ പ്രകാരം സ്കിൽ എൻഹാൻസ്മെന്റ്<br><br>കോഴ്സുകൾ നിർബന്ധമാക്കിയിട്ടുണ്ട്.<br><br>കേരള സർവ്വകലാശാല ഫൗണ്ടേഷൻ കോഴ്സുകളിൽ ഇതിനു വേണ്ടി പ്രത്യേക ക്രെഡിറ്റ് ബാസ്കറ്റ് സൃഷ്ടിച്ചിട്ടുണ്ട്.<br><br>മഹാത്മാ ഗാന്ധി സർവ്വകലാശാല ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള റഗുലേഷൻസിൽ Skill Enhancement Courses (SEC) എല്ലാ പ്രോഗ്രാമുകളിലും നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിരിയ്ക്കുന്നു.<br><br>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ പഠിതാവിന് മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളുടെയും (എം.ഒ.ഒ.സി) ഡിജിറ്റൽ പഠന പ്ലാറ്റ്ഫോമിൽ നിന്നോ, നൽകിയിട്ടുള്ള വിവിധ മേഖലകളിലെ കോഴ്സുകളിൽ നിന്നോ സ്കിൽ കോഴ്സ് 3,4 സെമെസ്റ്ററുകളിൽ തിരഞ്ഞെടുക്കാവുന്നതാണ്.<br><br>എ പി ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ ബി ടെ ക് പുതിയ പാഠ്യപദ്ധതിയിൽ K- DISC, സ്റ്റാർട്ടപ്പ് മിഷൻ, NASSCOM തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങളോട്കൂടി ചേർന്ന് വിദ്യാർത്ഥികളുടെ സൗഹൃദ നൈപുണ്യ വികസന കോഴ്സുകൾ നടത്തുന്നതിനും കൂടാതെ Health & Wellness, സോഷ്യലി റെലെവന്റ് പ്രൊജക്ട് പോലുള്ള |

| | | | |
|---|---|---|---|
| | | | നൈപുണ്യ വികസന കോഴ്സുകളിലൂടെ മൂന്ന് ക്രെഡിറ്റ് വരെ നേടുന്നതിനുള്ള അവസരം പരിഷ്കരിച്ച പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിൽ പ്രൊഫഷണൽ നൈപുണ്യ ഏജൻസികളുമായി സഹകരിച്ച് വിവിധ കോഴ്സുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;? | (ഡി) | നൈപുണ്യ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ASAP, CCEK, ICTAK പോലുള്ള<br><br>ഏജൻസികളെ സർക്കാർ നേരിട്ട് ചുമതലപെടുത്തിയിട്ടുണ്ട്. കേരള സർവ്വകലാശാല അസാപുമായി സഹകരിച്ച് നൈപുണ്യവികസന പ്രോഗ്രാമുകൾ വിപുലമാക്കുന്നതിന് ധാരണാ പത്രം ഒപ്പിടുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ Keltron, IHRD എന്നീ ഏജൻസികളുമായി സഹകരിച്ച് കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാ ശാല നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനത്തിനും ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ബി.എ നാനോ എന്റർപ്രെണർഷിപ്പ് എന്ന ബിരുദ പ്രോഗ്രാം ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം ശ്രീ നാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ഐ.സി.ടി അക്കാദമി, കെൽട്രോൺ പോലുള്ള സ്ഥാപങ്ങളുമായി ചേർന്ന് ഐടി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ്, പോലുള്ള മേഖലകൾക്ക് ഊന്നൽ നൽകുന്ന നൈപുണ്യ അധിഷ്ഠിത സർട്ടിഫിക്കേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു .<br><br>എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല ബിടെക് പുതിയ പാഠ്യ പദ്ധതിയി ൽ K-DISC, സ്റ്റാർട്ടപ്പ് മിഷൻ, NASSCOM തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങളോട് കൂടി ചേർന്ന് വിദ്യാർത്ഥികളുടെ സൗഹൃദ നൈപുണ്യ വികസന കോഴ്സുകൾ നടത്തുന്നതിനും കൂടാതെ Health & Wellness, സോഷ്യലി റെലെവന്റ് പ്രൊജക്റ്റ് പോലുള്ള നൈപുണ്യ വികസന കോഴ്സുകളിലൂടെ മൂന്ന് ക്രെഡിറ്റ് വരെ നേടുന്നതിനുള്ള അവസരം പരിഷ്കരിച്ച പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>500 ലധികം സെന്റർ ഫോർ സ്കിൽ ഡെവലെപ്മെന്റ് കോഴ്സ് & കരിയർ പ്ലാനിംഗ് (CSDCCP) സെന്ററുകൾ |

| | | | |
|---|---|---|---|
| | | | അസാപ് കേരളയുടെയും കെൽട്രോണിന്റേയും നേതൃത്വത്തിൽ കേരളത്തിന്റെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ